**കണ്ടത് പറഞ്ഞാൽ...**

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# സവർണ്ണ ഫാസിസത്തിന്റെ തന്ത്രങ്ങൾ

**ഒന്ന്**

ബ്രഹ്മം എന്ന നിർവ്വചനാതീതമായതിനെ, നിർഗുണത്തെ, അനുഭൂതിപരമായതിനെ ദൈവമാക്കി. ആ ദൈവത്തെ പ്രീതിപ്പെടുത്താൻ മന്ത്രമുണ്ടാക്കി. ആ മന്ത്രം തങ്ങൾക്കേ അറിയൂ എന്ന് സ്ഥാപിച്ച്;

"ദൈവാധീനം ജഗത് സർവ്വം
മന്ത്രാധീനം തു ദൈവതം
തൻമന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണോ മ ദൈവതം"

ഇങ്ങനെ ബ്രഹ്മജ്ഞാനിയെ ജാതിബ്രാഹ്മണനാക്കി. ബ്രാഹ്മണ മേധാവിത്വം സ്ഥാപിക്കാൻ ജാതിവ്യവസ്ഥയുണ്ടാക്കി മനുഷ്യരെ ഭിന്നിപ്പിച്ചു. ഭൂമി മുഴുവൻ ബ്രാഹ്മണൻ കയ്യടക്കി ബ്രഹ്മസ്വം വഴി. ഇതൊന്നും തിരിച്ചറിയാതിരിക്കാൻ, ഭാരതമഹത്വം പാടാൻ കുറേ സ്തുതിപാഠകരെയും സൃഷ്ടിച്ചു.

**രണ്ട്**

ബ്രാഹ്മണ മേധാവിത്വത്തിനെതിരെ നിലകൊണ്ട, ക്ഷത്രിയ–വൈശ്യധാരയെ ചിത്രവധം ചെയ്തു (ശൂലത്തിൽ തറച്ചു കൊല്ലുക). ലോകായതന്മാരും ബുദ്ധന്മാരും ജൈനന്മാരും വ്യാപകമായി ഉന്മൂലനം ചെയ്യപ്പെട്ടു. ബാക്കിയുള്ളവരെ കീഴടക്കാൻ താർക്കികരെ ഇറക്കി. വിഹാരങ്ങളും പള്ളികളും സമ്പത്തും തകർക്കുകയും പിടിച്ചെടുക്കുകയും ചെയ്തു. റിബലുകളുടെ അവശേഷിക്കുന്ന സ്വാധീനം തകർക്കാൻ ബുദ്ധനെപ്പോലെയുള്ളവരെ ദശാവതാരത്തിലേക്ക് സ്വീകരിച്ച് ദൈവമാക്കി, ഒന്നുമല്ലാതാക്കി.

**മൂന്ന്**

യാദവകുലജാതനായ ശ്രീകൃഷ്ണന്റെ, കാർവർണ്ണന്റെ പീതാംബരധാരിയുടെ ചുണ്ടിൽ "ചാതുർവർണ്ണ്യം മയാസൃഷ്ടം" എന്ന വരികൾ കുത്തിക്കയറ്റി. ബ്രാഹ്മണ്യത്തെ ചോദ്യം ചെയ്യുന്നവരെ നേരിടാൻ "ഗുണ കർമ്മ വിഭാഗശ്ശ" എന്ന ആയുധം കരുതിവെച്ചു. ഉച്ചനീചത്വമുള്ള ജാതിയെത്തന്നെ നിലനിർത്തി.

**നാല്**

ജാതിവ്യവസ്ഥയെ എതിർക്കാതിരുന്ന ബ്രിട്ടീഷിന്ത്യയിൽ അവരുടെ കൂടെക്കൂടി ബ്രിട്ടീഷുകാരുടെ ഇഷ്ടഭാജനങ്ങളായി. ദേശീയ സ്വാതന്ത്ര്യസമരത്തിൽനിന്ന് മാറിനിന്നു. സ്വതന്ത്ര്യാനന്തരം ബ്രാഹ്മണ മേധാവിത്വം നിലനിർത്താൻ പഴയ ബ്രാഹ്മണമതം ഉപേക്ഷിച്ച് ആധുനിക ഹിന്ദുമതവും ഹിന്ദുരാഷ്ട്രവുമാക്കാൻ കിണഞ്ഞു പരിശ്രമിച്ചു. ഇന്ത്യ വിഭജിക്കണമെന്ന് ജിന്നയേക്കാൾ മുമ്പേ പറഞ്ഞുവെച്ചു. അതിന് തടസ്സമാകുമെന്നറിഞ്ഞ ഗാന്ധിയെ വധിച്ചു. ഒറ്റപ്പെടുമെന്നറിഞ്ഞതേ ഗാന്ധിസ്തുതികൾ നിറച്ചു.

**അഞ്ച്**

ഇന്ത്യയെന്നാൽ പശുബെൽറ്റ് ആണ് എന്ന് സ്ഥാപിച്ചു. അതിന്നും ഡൽഹി കേന്ദ്രീകരിച്ച് തുടരുന്നു. ദക്ഷിണേന്ത്യൻ, ദളിത് ധാരകളെ തമസ്കരിച്ചു. യാസ്കനും ദയാനന്ദസരസ്വതിയും അറിയുമ്പോൾ വിഷ്ണുദേവരായരും വള്ളുവരും പടിക്കു പുറത്തായി. ഇന്ത്യൻ നവോത്ഥാന നായകരായി അറിയപ്പെടാൻ സവർണ്ണർക്ക് മാത്രമായി അവസരം. ആചാര്യ ഫൂലെ, ശ്രീനാരായണൻ ഇവരെ ഏഴയലത്ത് അടുപ്പിച്ചില്ല. വെറും അനാചാരങ്ങളെ എതിർത്ത സവർണ്ണരെ വീരപുരുഷന്മാരാക്കി.

**ആറ്**

സാർവ്വദേശീയവാദിയായ രബീന്ദ്രനാഥ ടാഗോറിനെ അധികാര കേന്ദ്രീകൃതമായ ദേശരാഷ്ട്രത്തിന്റെ സങ്കുചിത കവിയാക്കി. 1911ൽ എഴുതിയ പ്രഭാതഗീതത്തിലെ ഒന്നാംചരണം ദേശീയഗാനമാക്കി ദേശീയ വികാരം ജ്വലിപ്പിച്ച് ഹിന്ദുത്വ ദേശീയത വളർത്താൻ ശ്രമിച്ചു. തീവ്രത പോരാതെ വന്നപ്പോൾ വേറെ ദേശീയ ഗാനം കരുതിവെച്ചു. രണ്ടാം ചരണത്തിൽ മതങ്ങളുടെ സഹവർത്തിത്വവും സാർവ്വദേശീയതയും നിറയ്ക്കുന്ന വരികളുള്ളതിനാൽ അത് മറച്ചുവെച്ചു.

**ഏഴ്**

പരശുരാമൻ മഴുവെറിഞ്ഞ് ഉണ്ടാക്കി ബ്രാഹ്മണന് ദാനം കിട്ടിയതാണ് കേരളമെന്ന ഭൂവിഭാഗം എന്ന കള്ളക്കഥ പ്രചരിപ്പിച്ച് ഭൂമി മുഴുവൻ കയ്യടക്കി. ആദി ദ്രാവിഡരെയും ശ്രമണരേയും കീഴ്പ്പെടുത്തി ഭൂമി ദേവസ്വത്തിന്റേതാക്കി. മണ്ണിൽ പണിയെടുക്കുന്നവന് ഇന്നും ഭൂമി സ്വന്തമായില്ല എന്ന അവസ്ഥ വരുത്തി. കേരളത്തിന്റെ കാർഷിക പാരമ്പര്യം തകർത്തു.

**എട്ട്**

മലബാറിലെ ജാതീയമായ നീചത്വം കണ്ട് മനുഷ്യനെ മാനിക്കാത്ത ജാതിമേധാവിത്വത്തെ രൂക്ഷമായി വിമർശിച്ച, ജാതിക്കോമരങ്ങളെ ഭ്രാന്തന്മാരെന്നും അവരുടെ വീടുകൾ ഭ്രാന്താലയമെന്നും പറഞ്ഞ സ്വാമി വിവേകാനന്ദന്റെ ചുണ്ടിൽ തന്ത്രപൂർവ്വം 'കേരളം' എന്ന വാക്ക് തിരുകിവെച്ചു. അതേറ്റുപാടാൻ ഐക്യകേരളപിറവിക്കുശേഷം പിറന്ന സന്താനങ്ങളേയും സൃഷ്ടിച്ചെടുത്തു.

**ഒമ്പത്**

ജാതിബ്രാഹ്മണ്യത്തിനും അവരുടെ ദൈവങ്ങൾക്കും അപ്പുറം പ്രതിഷ്ഠാ–ആരാധനാ സ്വാതന്ത്ര്യത്തിനായി നടന്ന അരുവിപ്പുറം പ്രതിഷ്ഠയെ വികലമാക്കാൻ വിശ്വവിജ്ഞാനകോശങ്ങളിൽവരെ കാലഗണന തെറ്റായി തിരുകിക്കയറ്റി. ഹിംസാത്മകമായ ദേശീയതയ്ക്ക് വിവേകാനന്ദനെ ഉപയോഗിക്കാൻ തുടങ്ങിയപ്പോഴാണിത് സംഭവിക്കുന്നത്. 1892ൽ കേരളം സന്ദർശിച്ച് വിമർശനം ഉന്നയിക്കുംവരെ ഇവിടെ ജനതതി ഉറങ്ങുകയായിരുന്നുവെന്ന് കാണിക്കാനുള്ള വിദ്യകൾ. 1888ൽ അരുവിപ്പുറം പ്രതിഷ്ഠ എന്നത് 1904 എന്നാക്കി മാറ്റി.

**പത്ത്**

ജാതിഭേദം പാടില്ല എന്ന ഗുരുമൊഴിക്കു പകരം ഗുരു പറയാത്തതായ 'ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്' എന്ന വാക്കുകൾ നാരായണഗുരുവിന്റെ ചുണ്ടിൽ തിരുകി. തത്തമ്മേ പൂച്ച പൂച്ച എന്നേറ്റുപാടാൻ കേരളത്തിലെ ഉൽപ്പത്തിഷ്ണുത്വത്തെ(?) ഒരുക്കിയെടുത്തു. ഹിന്ദുത്വവാദികളും അവരെ എതിർക്കുന്നവരും ഒരുപോലെ ജാതിയെ എതിർക്കുന്നവരായിമാറി. ജാതീയതയ്ക്കു പകരം മതം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഹിന്ദുത്വ അജണ്ടയിൽ പാവം പുരോഗാമികളെന്ന് കരുതുന്നവർ വീണുപോയി. 'ജാതിഭേദം' പാടില്ല എന്നതായിരുന്നു ഗുരു പറഞ്ഞത്. അത് പലരും മറന്നു. സവർണ്ണഫാസിസം മറച്ചുവെച്ചു.

**പതിനൊന്ന്**

സെമിറ്റിക് മതങ്ങളോട് താരതമ്യം ചെയ്ത് അവക്കൊപ്പം നിൽക്കാൻ ബ്രാഹ്മണമതത്തിൽനിന്ന് ആധുനിക ഹിന്ദുമതത്തിലേക്കുള്ള യാത്രയിൽ ഹിംസാത്മകമായ ഹിന്ദുത്വത്തെ കേരളത്തിൽ വളർത്താൻ നവോത്ഥാനപാരമ്പര്യം പറഞ്ഞു നടന്നവർ ഉപകരണങ്ങളായി. ജാതീയതയ്ക്കും ജാതിമേധാവിത്വത്തിനും എതിരായിത്തീരേണ്ട സമരത്തെ മൂടിവെച്ച് മതേതരത്വത്തിനു വേണ്ടി നടത്തിയ ശ്രമങ്ങളും സവർണ്ണഫാസിസത്തിന് എണ്ണ പകർന്നു. സെക്കുലർ ഫണ്ടമെന്റലിസവും മതഫണ്ടമെന്റലിസത്തെ വളർത്തിയതായി കാണാം. ഇങ്ങനെയിങ്ങനെ ഒട്ടനേകമുണ്ട് സവർണ്ണഫാസിസത്തിന്റെ തന്ത്രങ്ങളിൽ. വഴിപോലെ വീണ്ടും വായിക്കാം. ■